DESPATCHED
On.01/.01/.22

31/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.2112 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 9994/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഉത്തരവ് തീയതി : 30.12.2021

**ശ്രീമതി ജി.ശാരദ,**
**സന്ധ്യ, ടി.സി.26/1416, വലിയശാല,**
**ചാല പി.ഒ, തിരുവനന്തപുരം – 695 036.** } **അപ്പീൽ ഹർജിക്കാരി**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,**
**ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ.ജംഗ്ഷൻ,**
**തിരുവനന്തപുരം – 695 014.**

2. **അപ്പീൽ അധികാരി,**
**സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,**
**ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ.ജംഗ്ഷൻ,**
**തിരുവനന്തപുരം – 695 014.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 07.07.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 24.07.2018 |
| ഒന്നാം അപ്പീൽ | UNDATED |
| അപ്പീൽ അധികാരിയുടെ തീരുമാനം | 31.08.2018 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 17.09.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 14.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

14.09.2021 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷി ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ നെടുമങ്ങാട് ശാഖയിൽ ശ്രീ.എബനേസർ, ചെറുപുഷ്പം ബംഗ്ലാവ്, ചേരകുളം, ആര്യനാട് എന്ന വ്യക്തി നിക്ഷേപിച്ചിട്ടുള്ള നിക്ഷേപതുകയുടെ വിവരങ്ങൾ ആവശ്യപ്പെട്ടതിന് 24.07.2018 ന് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 31.08.2018 ൽ തീർപ്പാക്കുകയും ചെയ്തു.

3. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ടിരുന്ന ശ്രീ.എബനേസറിന്റെ പേരിലുള്ള അക്കൗണ്ടുകളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ടിയാൻ മരണപ്പെട്ടതുകാരണം ടി അക്കൗണ്ടുകളിലെ നോമിനിയെ സംബന്ധിച്ചുള്ള ഐഡന്റിറ്റി പ്രൂഫ് ബാങ്കിൽ ഹാജരാക്കുന്ന മുറയ്ക്ക് നോമിനിയുടെ അനുവാദത്തോടുകൂടി ബന്ധപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമപ്രകാരം ടിയാരിക്ക് ലഭ്യമാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും ടിയാൾ ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഹർജിക്കാരി ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയതായി കമ്മീഷന് ബോധ്യപ്പെട്ടു. പ്രസ്തുത സാഹചര്യത്തിൽ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് മുഖവിലയ്ക്കെടുത്തുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**
**Jn**